# കളി കാര്യമാവുമ്പോൾ

എം. എൻ.  കാരശ്ശേരി



കളി കാര്യമാവുമ്പോൾ

എം. എൻ. കാരശ്ശേരി
(മലയാളം: ലേഖനം)

© 2024, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Beauty from the Mud (Lotus), a painting by Rajasekharan Parameswaran (b. 1963). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# കളി കാര്യമാവുമ്പോൾ

അങ്ങനെ, തെഹൽക ഡോട്ട് കോം ചരിത്രം സൃഷ്ടിച്ചിരിക്കുന്നു. ഇന്ത്യൻ മാധ്യമങ്ങളുടെ ചരിത്രത്തിൽ കേട്ടുകേൾവി കൂടിയില്ലാത്ത ഒരധ്യായം എഴുതിച്ചേർത്തിരിക്കുന്നു.



ജോർജ് ഫെർണാണ്ടസ്

ഇന്ത്യയിലെ പ്രതിരോധ സംവിധാനം എത്രമാത്രം ദുർബലമാണെന്നും നമ്മുടെ രാജ്യത്തിന്റെ സുരക്ഷ എത്രനേർത്ത നൂൽപാലത്തിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത് എന്നും തെഹൽക എന്ന പേരായ ഇന്റർനെറ്റ് ന്യൂസ്പേപ്പർ തെളിയിച്ചു. അതിന് ഇത്തിരി സാമർത്ഥ്യവും താരതമ്യേന വളരെ തുച്ഛമായ കാശും ശകലം നർമബോധവും മാത്രമേ ആവശ്യമുള്ളൂ എന്നും ആ മാധ്യമത്തിന്റെ പ്രവർത്തകർ കാട്ടിത്തന്നു. ഇല്ലാത്ത ഒരു കമ്പനിയുടെ പേരിൽ, ഇല്ലാത്ത ആയുധങ്ങളുടെ, ഇല്ലാത്ത 'കച്ചവടം നടത്താൻ' കൈക്കൂലി വാങ്ങുന്നതിന് ഇന്ത്യയിലെ 'ഉയർന്ന' രാഷ്ട്രീയനേതാക്കന്മാരും 'ഉയർന്ന' സൈനികോദ്യോഗസ്ഥന്മാരും രണ്ടു കയ്യും നീട്ടി ഓടിയെത്തുന്നതിന്റെ ദൃശ്യങ്ങളാണവർ പുറത്തുവിട്ടത്. ജോർജ് ഫെർണാണ്ടസ്, ബങ്കാരു ലക്ഷ്മൺ, ജയാ ജറ്റ്ലി തുടങ്ങിയ വൻസ്രാവുകളാണ് വയലിൽ!



ബങ്കാരു ലക്ഷ്മൺ

ഈ നേരത്ത് എനിക്കോർമ്മ വരുന്നത് 'വാട്ടർഗേറ്റ് സംഭവ'മാണ്. റിച്ചാർഡ് നിക്സൺ അമേരിക്കൻ പ്രസിഡന്റായിരിക്കേ, അദ്ദേഹത്തിന്റെ എതിർകക്ഷിക്കാർ വാട്ടർഗേറ്റ് എന്ന് പേരായ ഹോട്ടലിൽ ചേർന്ന യോഗത്തിലെ സംഭാഷണങ്ങൾ ചോർത്തുന്നതിന് രഹസ്യമായി സംവിധാനം ഏർപ്പെടുത്തിയതായി 'വാഷിംഗ്ടൺ പോസ്റ്റ്' ദിനപത്രത്തിലെ രണ്ട് പത്രപ്രവർത്തകർ കണ്ടെത്തി. അവർ വാർത്ത പ്രസിദ്ധീകരിച്ചതോടെ സംഗതി പുക്കാറായി. അത്രയും വലിയ ഒരന്യായം പ്രസിഡന്റിന്റെ അറിവോടും അനുവാദത്തോടും കൂടിയാണ് നടന്നത് എന്നും തെളിഞ്ഞു. നിക്സൺ രാജിവെച്ചു. രണ്ട് പത്രപ്രവർത്തകരുടെ ജാഗ്രത കാരണം ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഓഫീസിൽനിന്ന് നിക്സണെ പോലെ ഒരു ശക്തന് ഇറങ്ങിപ്പോകേണ്ടിവന്നു. നിക്സന്റെ രാഷ്ട്രീയ ജീവിതവും അവിടെത്തീർന്നു.



റിച്ചാർഡ് നിക്സൺ

ശരിക്കു പറഞ്ഞാൽ, വാട്ടർഗേറ്റിനെക്കാളും കൂടിയ സംഭവമാണ് 'തെഹൽക അപവാദം'. ഒന്നാമത് ഒരു രാഷ്ട്രീയകക്ഷിയുടെ ആലോചനായോഗത്തിലെ രഹസ്യങ്ങളാണ്, രഹസ്യങ്ങൾ മാത്രമാണ് വാട്ടർഗേറ്റിൽ ചോർന്നത്. തെഹൽക അപവാദത്തിൽ ഒരു രാജ്യത്തിന്റെ സുരക്ഷയെ സംബന്ധിച്ച സൈനികരഹസ്യങ്ങളാണ് ചോർന്നത്—ഇതൊക്കെ ഇത്രയേയുള്ളൂ എന്ന്. രണ്ടാമത് വാട്ടർഗേറ്റ് അപവാദം എന്നത് നടന്ന സംഭവം മാധ്യമപ്രവർത്തകർ കണ്ടെത്തിയത് മാത്രമാണ്. അവർ 'സൃഷ്ടിച്ച'തല്ല. തെഹൽക അപവാദം എന്നത് നടക്കാവുന്നത് എന്ന് കണ്ടെത്തി മാധ്യമപ്രവർത്തകർ സൃഷ്ടിച്ചതാണ്. 'ഇടനാഴിയിലെ ഇരുട്ടിൽ ഇല്ലാത്ത കരിമ്പൂച്ചയെ തപ്പുക' എന്ന് പറഞ്ഞതുപോലെ, ഇല്ലാത്ത കമ്പനിയും ഇല്ലാത്ത ആയുധങ്ങളും ഇല്ലാത്ത കച്ചവടവും എല്ലാം തെഹൽക്കയുടെ ഭാവന മാത്രം. അതിൽ 'ഉണ്ടായിരുന്നത്' കൈക്കൂലി മാത്രമാണ്.

ഇങ്ങനെ ചെയ്തത് ധാർമികമായോ എന്ന് ചോദിക്കാം. മാധ്യമപ്രവർത്തകർ ഉദ്യോഗസ്ഥരെയും നേതാക്കളെയും ഭരണാധികാരികളെയും പറ്റി വിശകലനങ്ങൾ പ്രസിദ്ധീകരിക്കുന്നതുപോലെ തന്നെയാണിതും. ഇവരൊക്കെ കൈക്കൂലി വാങ്ങും എന്ന് പറയുന്നതിന് പകരം കൈക്കൂലി കൊടുത്ത് അവർ അത് വാങ്ങും എന്ന് തെളിയിച്ചു—അത്രയേയുള്ളൂ. കൈക്കൂലി വാങ്ങാത്ത ആൾ കൈക്കൂലി വാങ്ങും എന്നു പറയുന്നതാണ് അധാർമ്മികത. കൈക്കൂലി വാങ്ങുന്ന ആൾ അത് വാങ്ങും എന്ന് കാണിച്ചുതരുന്നതിൽ തെറ്റായി ഒന്നുമില്ല. പിന്നെ, ഇവിടെ കൈക്കൂലി വാങ്ങിയത് ഒരു രാജ്യത്തിന്റെ സുരക്ഷയെപ്പോലും കാറ്റിൽ പറത്തിയിട്ടാണ് എന്നോർക്കണം. അത്തരക്കാരുടെ കയ്യിലാണ് രാജ്യം എന്ന ഞെട്ടിക്കുന്ന അറിവാണ് അതിലൂടെ പുറത്തുവന്നത്.

ഇന്ത്യൻ ജനാധിപത്യത്തിന്റെ ഒരു മുഖംമൂടിയാണ് തെഹൽക്ക ഡോട്ട് കോം വലിച്ചുകീറിയത്. രണ്ടാമത്തെ മുഖംമൂടി വൈകാതെ അഴിഞ്ഞു വീഴും—ഈ പ്രതികളൊക്കെ കാര്യമായ ഒരു പരിക്കും കൂടാതെ ഉദ്യോഗത്തിലും നേതൃസ്ഥാനത്തും അധികാരത്തിലും തുടരുകതന്നെ ചെയ്യും. വാട്ടർഗേറ്റോടെ നിക്സൺ രാഷ്ട്രീയമായി അവസാനിച്ചെങ്കിൽ തെഹൽകയോടെ ജോർജ് ഫെർണാണ്ടസോ, ജയാ ജറ്റ്ലിയോ, ബങ്കാരു ലക്ഷ്മണോ രാഷ്ട്രീയമായി അവസാനിക്കുന്നില്ല. രാഷ്ട്രീയവും പ്രാദേശികതയും മതവും ജാതിയും ഭാഷയും പറഞ്ഞ് അവർ രക്ഷപ്പെടും. അവരെ രക്ഷപ്പെടുത്താൻ ആളുണ്ടാകും. ഈ 'അപവാദ'ത്തിന് പിറകിൽ വിദേശശക്തികളുടെയും നാട്ടിലെ മറ്റ് പാർട്ടികളുടെയും കുത്തക മുതലാളിമാരുടെയും 'കൈ' ഉണ്ടെന്ന് ഇപ്പോഴേ പറഞ്ഞുതുടങ്ങിയിരിക്കുന്നു. അങ്ങനെയൊരു ഗൂഢാലോചന നടന്നുവോ, നടന്നെങ്കിൽ ആരൊക്കെ അതിൽ പങ്കാളികളായി എന്നത് ഇവിടെത്തെ ആലോചനാവിഷയമേ അല്ല. ആരൊക്കെ കൈക്കൂലി വാങ്ങി എന്നതാണ് വിഷയം. ആര് കൊടുത്തു എന്നതല്ല, ആര് വാങ്ങി എന്നതു മാത്രം. കാരണം ഇരിക്കുന്ന ഉന്നതസ്ഥാനങ്ങളുടെ ഗൗരവം അറിയാത്തവരും ആ ഇരിപ്പിടം ഉപയോഗിച്ച് അഴിമതി നടത്തുന്നവരും ആണ് ഈ നേതാക്കളും ഉദ്യോഗസ്ഥരും എന്നതാണ് പ്രധാനം. അത് തിരിച്ചറിയുന്നതിൽ ഇന്ത്യൻ സമൂഹം പരാജയപ്പെടും എന്ന് ആർക്കും മുന്നും പിന്നും നോക്കാതെ പ്രവചിക്കാം. തെളിവ്: മറ്റേത് ജനാധിപത്യ രാജ്യത്താണെങ്കിലും തെഹൽക അപവാദം പുറത്തുവന്ന ഉടനെ കേന്ദ്ര ഗവൺമെന്റ് രാജിവെക്കുമായിരുന്നു. വാട്ടർഗേറ്റ് അമേരിക്കൻ ജനാധിപത്യത്തിന്റെ പ്രതികരണശേഷിയുടെ ആധികാരിത പുറത്തുകൊണ്ടുവന്നു. തെഹൽക ഇന്ത്യൻ ജനാധിപത്യത്തിന്റെ പ്രതികരണരാഹിത്യത്തിന്റെ മരവിപ്പ് പുറത്തുകൊണ്ടുവന്നിരിക്കുന്നു.

മലയാളം ന്യൂസ്: 24 മാർച്ച് 2001.

□

# എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്‌യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014